# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2063 — 17.06.2014 ൽ മറുപടിക്ക്

### റെയിൽവേ വികസനത്തിലെ കേന്ദ്ര സർക്കാർ അവഗണന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ:<br>" വി. ചെന്താമരാക്ഷൻ:<br>" ബാബു എം. പാലിശ്ശേരി:<br>" ബി. സത്യൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനാവശ്യമായ ദീർഘവീക്ഷണമോ ആസൂത്രണ പദ്ധതികളോ മുൻറെയിൽവേ ബജറ്റുകളിൽ ഉണ്ടായില്ല എന്ന ആക്ഷേപത്തിന്മേലുളള നിലപാട് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ പദ്ധതികൾ സാധാരണ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അവ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്താത്തതിനാൽ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നുണ്ട്. ഇക്കാര്യം പലപ്പോഴായി റെയിൽവേയുടെ ശ്രദ്ധയിൽകൊണ്ട് വന്നിട്ടുണ്ട്. |
| (ബി) | പാതയിരട്ടിപ്പിക്കൽ, സിഗ്നൽ നവീകരണം തുടങ്ങി സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ യാതൊരു പരിഗണനയും മുൻ ബജറ്റിൽ ഉണ്ടായില്ല എന്ന ആക്ഷേപത്തിന്മേലുളള നിലപാട് വ്യക്തമാക്കുമോ; | (ബി) യും (സി) യും | റെയിൽവേ ബോർഡ് അംഗീകരിച്ച പദ്ധതികൾ ഗേജ് മാറ്റം, പാത ഇരട്ടിപ്പിക്കൽ അവയോട് ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാകാറില്ല എന്ന് കണ്ടതിനാൽ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കൃത്യമായ ഫണ്ട് ലഭ്യത ഉറപ്പാക്കണമെന്നും ഫണ്ട് വകമാറ്റുന്ന പ്രവണത നിരുൽസാഹപ്പെടുത്തണമെന്നും സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതുവരെ |
| (സി) | പ്രഖ്യാപനങ്ങളുടെ തുടർപ്രവൃത്തിക്കാവശ്യമായ യാതൊരു പരാമർശവുമില്ലാതെ ബജറ്റിൽ കേന്ദ്രം സംസ്ഥാനത്തെ അവഗണിക്കുകയായിരുന്നുവെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും അനാസ്ഥ കാണിച്ചതായുമുളള ആക്ഷേപത്തിന്മേലുളള അഭിപ്രായം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കപ്പെട്ടവയിൽ പ്രധാനമായും പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, പെനിൻസുലാർ റയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനില വാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവ 2014-15 ൽ തന്നെ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട്കൊണ്ട് ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ